(5) ബഫല്ലോ ബ്രീഡിംഗ് ഫാം വകസ്ഥലത്ത് പുനരധിവസിക്കപ്പെട്ട ആദിവാസി കുടുംബങ്ങൾക്ക് തൊഴിൽ-ജീവന സാഹചര്യങ്ങൾ ലഭ്യമാക്കൽ

ശ്രീ. കെ. ബി. ഗണേഷ് കുമാർ : സർ, പത്തനാപുരം നിയോജക മണ്ഡലത്തിൽ പിറവത്തൂർ. ഗ്രാമ പഞ്ചായത്തിൽ കുര്യോട്ടമലബഫല്ലോ ബ്രീഡിംഗ് ഫാം അനുദിനം ക്ഷയിച്ചു കൊണ്ടിരിക്കുകയാണ്. സ്ഥാപനത്തോട് ചേർന്ന് ഏതാണ്ട് നൂറ് ഏക്കർ സ്ഥലം കൊല്ലം ജില്ലയിൽ ആദിവാസികൾക്ക് ഭൂമി നൽകുന്നതിന്റെ ഭാഗമായി അടുത്ത സമയത്ത് വിതരണം ചെയ്തു. ജില്ലയുടെ വിവിധ ഭാഗങ്ങളിൽനിന്ന് ആദിവാസി കുടുംബങ്ങൾ അവിടെവന്ന് താമസം ആരംഭിച്ചു. ബഫല്ലോ ബ്രീഡിംഗ് ഫാമിനെ നവീകരിക്കുന്നതിനും അതിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി ഈ ആദിവാസി കുടുംബങ്ങൾക്ക് അവിടെ തൊഴിൽ ചെയ്യാനുള്ള അവസരം ഉണ്ടാക്കി കൊടുക്കുകയും ചെയ്ത്, ഇപ്പോൾ വൻ നഷ്ടത്തിൽ പോയിക്കൊണ്ടിരിക്കുന്ന ബഫല്ലോ ബ്രീഡിംഗ് ഫാമിനെ ഒന്ന് പുനരുദ്ധരിച്ച് അതിന്റെ ചുറ്റുപാടുമുള്ള കൃഷിത്തോട്ടം ആധുനിക കൃഷി സൗകര്യങ്ങളോടെ നവീകരിച്ച് നടപ്പിലാക്കുവാൻ കൃഷിവകുപ്പ് നടപടി സ്വീകരിക്കുമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) : സർ, കൊല്ലം ജില്ലയിലെ കുര്യോട്ടുമല ബഫല്ലോ ബ്രീഡിംഗ് ഫാം ആനിമൽ ഹസ്ബൻഡറി ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ളതാണ്. 288 ഏക്കർ ഭൂമി ഉണ്ടായിരുന്നു. അതിൽ 100 ഏക്കർ പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യാൻ കൊടുത്തു. 114 ഏക്കർ വിതരണം ചെയ്തു. ഇന്നിപ്പോൾ ഈ ഫാമിൽ ആവശ്യമായിട്ടുള്ള തൊഴിലാളികളുണ്ട്. അവിടെയുള്ള ബഫല്ലോകളെയും പശുക്കളെയും ആടുകളെയുമൊക്കെ നോക്കുന്നതിന് ആവശ്യമായിട്ടുള്ള തൊഴിലാളികളുണ്ട്. ഏതാണ്ട് പതിനാറ് തൊഴിലാളികളുണ്ട്. അതുകൊണ്ട് ഇപ്പോൾ പുതുതായി തൊഴിലാളികളെ ആവശ്യമില്ല. കൂടുതൽ തൊഴിലാളികളെ ആവശ്യമുണ്ടെങ്കിൽ ഗിരിവർഗ്ഗക്കാരിൽനിന്നും റിക്രൂട്ട് ചെയ്യാമോ എന്ന് പരിശോധിക്കാം.

(6) താമരശ്ശേരി ആസ്ഥാനമാക്കി ഒരു ഫയർ സ്റ്റേഷൻ അനുവദിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. സി. മോയിൻകുട്ടി : സർ, താമരശ്ശേരി വളരെയേറെ ജനസാന്ദ്രതയുള്ള ഒരു പ്രദേശമാണ്. വയനാട് റോഡിൽ ദേശീയപാത 212 ൽ താമരശ്ശേരി അങ്ങേയ്ക്ക് അറിയാവുന്ന പ്രദേശമാണ്. ഒരു ഫയർ സ്റ്റേഷൻ ഇല്ലാത്തതുകൊണ്ട് വളരെയേറെ പ്രയാസം അനുഭവിക്കുന്നു. മലയോര മേഖലകളും അതുപോലെതന്നെ വളരെ വിസ്തൃതമായിട്ടുള്ള കുടിയേറ്റ പ്രദേശവുമൊക്കെ ഉൾക്കൊള്ളുന്ന ആസ്ഥാന കേന്ദ്രമായിട്ടുള്ള താമരശ്ശേരിയിൽ അടിയന്തിരമായി ഒരു ഫയർ സ്റ്റേഷൻസ്ഥാപിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. വയനാട് റോഡിൽ വയനാട് ചുരം കയറി പോകുന്നതിനുള്ള ബുദ്ധിമുട്ട് കണക്കിലെടുത്ത് കോഴിക്കോട് എത്തുന്നതുവരെയുള്ള ദൂരം

LIBRARY ARCHIVES Kerala Legislative Assembly

പരിഗണിച്ചുകൊണ്ട് മലയോര മേഖലയിലെ ഒരു ആസ്ഥാനം എന്നുള്ള രൂപത്തിൽ താമരശ്ശേരി ആസ്ഥാനമായി ഒരു ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിനാവശ്യമായ എല്ലാ സൗകര്യങ്ങളും ചെയ്തു തരണം. അതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ താമരശ്ശേരി പഞ്ചായത്ത് നിർവ്വഹിച്ചു തരാമെന്ന് ഏറ്റിട്ടുണ്ട്. അക്കാര്യത്തിൽ അങ്ങയുടെ പ്രത്യേകമായ പരിഗണന ഉണ്ടാകണമെന്ന് അപേക്ഷിക്കുകയാണ്.

മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി : സർ, കോഴിക്കോട് ജില്ലയിൽ ഇപ്പോൾത്തന്നെ ആറ് ഫയർ സ്റ്റേഷൻ നിലവിലുണ്ട്. പക്ഷേ അതുകൊണ്ട് പരിഹാരമായില്ല. ഫയർ സ്റ്റേഷൻ വേണമെന്നുള്ള ഡിമാൻഡ് എല്ലാ ഭാഗത്തുനിന്നും വരുന്നുണ്ട്. കെട്ടിടവും സ്ഥലവും സൗജന്യമായി ലഭിക്കുന്ന പതിനാല് സ്ഥലങ്ങളുടെ മുൻഗണന ലിസ്റ്റ് തയ്യാറാക്കിത്തരാൻ ഫയർ ഫോഴ്സിന്റെ ഡയറക്ടർ ജനറലിന് നിർദ്ദേശം കൊടുത്തിരിക്കുകയാണ്. ഇത് പരിഗണിച്ച് പതിനാല് സ്ഥലങ്ങളിൽ പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുവാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ആ ലിസ്റ്റ് കിട്ടിയതിനു ശേഷം ഇത് പരിശോധിക്കുന്നതാണ്.

മി. സ്പീക്കർ : നിയമ നിർമ്മാണ നടപടികൾ ആരംഭിക്കുകയാണ്. നിയമങ്ങൾ നല്ലതുപോലെ ചർച്ച ചെയ്ത് പാസ്സാക്കണമെന്ന ഒരു സമീപനമാണ് ഞാൻ സ്വീകരിക്കുന്നത്. ഗവൺമെന്റ് അതിനോട് പൂർണ്ണമായി യോജിക്കുകയാണ്. അതുകൊണ്ട് ബില്ലിനെ സംബന്ധിച്ച് അംഗങ്ങൾക്ക് പറയാനുള്ളത് പറയാൻ അവസരം നൽകണമെന്നാണ് ആഗ്രഹം. സാധാരണ നമ്മൾ ബില്ലിനെ സംബന്ധിച്ച് ചർച്ച ചെയ്യുമെങ്കിലും ബില്ലുമായി ഒരു ബന്ധവുമില്ലാത്ത രാഷ്ട്രീയം പറയുന്ന പതിവുണ്ട്. അത് അനുവദിക്കുവാൻ നിർവ്വാഹമില്ലെന്നു മാത്രമല്ല, ബില്ലിൽ ഒതുങ്ങി നിൽക്കാതെ നമ്മൾ കാട് കയറിയാണ് സംസാരിക്കുന്നതെങ്കിൽ വീണ്ടും റസ്ട്രിക്ഷൻ ഇംപോസ് ചെയ്യാൻ നിർബന്ധിതരാകും മറിച്ച് നിയമത്തെക്കുറിച്ച് മാത്രമാണെങ്കിൽ നിയമത്തെക്കുറിച്ച് സംസാരിക്കുവാൻ കൂടുതൽ സമയം അനുവദിക്കുന്നതാണ്. ആവശ്യത്തിന് സമയം അനുവദിക്കണമെന്നുള്ളതാണ് ആഗ്രഹം. അതുകൊണ്ട് ഇപ്പോൾ നമ്മൾ നിയമ നിർമ്മാണ കാര്യത്തിലേക്ക് കടക്കുകയാണ്.

IV നിയമനിർമ്മാണകാര്യം

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2002-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ബിൽ

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly